# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കുമാരമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ ഐ ഡി കെ 7-878/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമാരമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ ഐ ഡി കെ 7-878/2021 തീയ്യതി: 30/09/2021

## ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 12-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സി ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 13-09-2021 | 22-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-09-2021 | 22-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ടി എസ്.ധനജയൻ. ഓഡിറ്റ് ഓഫീസർ
ശ്രീ. വി.ജി.സജിമോൻ ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി സാമുവൽ അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.എബി എബ്രഹാം സീ.ഗ്രേഡ് ഓഡിറ്റർ.
ശ്രീ. ബെന്നി മാത്യു. സീ.ഗ്രേഡ് ഓഡിറ്റർ.
ശ്രീമതി.മായാ കൃഷ്ണൻ ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലിന്റാ സിബിൻ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ഭരണ നിർവ്വഹണ കമ്മറ്റി | പ്രസിഡന്റ് | 11-11-2020 | 30-01-2021 |
| ശ്രീമതി ഷമീന നാസർ | പ്രസിഡന്റ് | 31-01-2021 | 31-03-2021 |
| ശ്രീ ഷാജു മാത്യു | സെക്രട്ടറി | 01-04-2020 | 10-06-2020 |
| ശ്രീമതി.ഷേർളി ജോൺ | സെക്രട്ടറി | 11-06-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മനസ് ഡി | കൃഷി ഓഫീസർ | 01-04-2020 | 13-09-2020 |
| ശ്രീമതി റഷീദാ പി റ്റി | കൃഷി ഓഫീസർ | 14-09-2020 | 31-03-2021 |
| ശ്രീമതി പ്രീത സൈമൺ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി സീന എം എസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.ജോസൻ മാത്യു | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ഡോ ജയാജീന ജെ | മെഡിക്കൽ ഓഫീസർ (പി. എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ മിനി പി | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | (ആയൂർവേദം)) | | |
| ഡോ രമ്യ കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ)) | 01-04-2020 | 31-03-2021 |
| ശ്രീമതി നൈനിമോൾ ഐ ജി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ ബിജോയ് ജോൺ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി രാജി . കെ.ആർ | വി.ഇ.ഒ | 01-04-2020 | 31-03-2021 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: V G Sajimon (Audit Officer, On 22-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 30-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Benny Mathew (Auditor, On 13-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 30-09-2021) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Benny Mathew (Auditor, On 17-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 30-09-2021) | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ<br>Written By: Benny Mathew (Auditor, On 14-09-2021)<br>Last Updated By: Benny Mathew (Auditor, On 14-09-2021) | 1-3-1 |
| 5 | പദ്ധതി അവലോകനം<br>Written By: Benny Mathew (Auditor, On 13-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-09-2021) | 1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Benny Mathew (Auditor, On 18-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-09-2021) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Anitta P Samuel (Asst. Audit Officer, On 14-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 30-09-2021) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 18-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 30-09-2021) | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: V G Sajimon (Audit Officer, On 22-09-2021)<br>Last Updated By: V G Sajimon (Audit Officer, On 29-09-2021) | 1-8 |
| 10 | സെക്യേഡ് ലോൺ -രജിസ്റ്റർ അപൂർണ്ണം<br>Written By: Benny Mathew (Auditor, On 17-09-2021)<br>Last Updated By: Benny Mathew (Auditor, On 22-09-2021) | 1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമല്ല<br>Written By: Benny Mathew (Auditor, On 17-09-2021)<br>Last Updated By: Benny Mathew (Auditor, On 17-09-2021) | 1-9-1 |
| 12 | വസ്തു നികുതി-വർഷാവസാനം ലഭിക്കാനുള്ള തുകകൾ-സഞ്ചയ സാംഖ്യ വ്യത്യാസം<br>Written By: Benny Mathew (Auditor, On 17-09-2021)<br>Last Updated By: Benny Mathew (Auditor, On 17-09-2021) | 1-9-2 |
| 13 | ട്രഷറി സേവിംഗ്സ് ബാങ്ക്- റെക്കൺസിലിയേഷൻ-വ്യത്യാസം<br>Written By: Benny Mathew (Auditor, On 17-09-2021)<br>Last Updated By: Benny Mathew (Auditor, On 17-09-2021) | 1-9-3 |
| 14 | തനത് ഫണ്ട് -SBI- റെക്കൺസിലിയേഷൻ-വ്യത്യാസം<br>Written By: Benny Mathew (Auditor, On 17-09-2021)<br>Last Updated By: V G Sajimon (Audit Officer, On 29-09-2021) | 1-9-4 |
| 15 | ക്യാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ് -കണക്കുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Benny Mathew (Auditor, On 22-09-2021)<br>Last Updated By: V G Sajimon (Audit Officer, On 29-09-2021) | 1-9-5 |
| 16 | വാർദ്ധക്യപെൻഷൻ തുക നെഗററീവായി രേഖപ്പെടുത്തിയിരിക്കുന്നു.<br>Written By: Anitta P Samuel (Asst. Audit Officer, On 30-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 30-09-2021) | 1-9-6 |
| 17 | വസ്തു നികുതിയിൽ വൻകുടിശ്ശിക<br>Written By: Maya Krishnan (Auditor, On 17-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 22-09-2021) | 1-10 |
| 18 | തൊഴിൽ നികുതി കുടിശ്ശിക ശേഷിക്കുന്നു<br>Written By: Maya Krishnan (Auditor, On 18-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 22-09-2021) | 1-11 |
| 19 | കരികുളം ഒറ്റമാക്കൽപാറ കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>Written By: T.S.Dhanajayan (Audit Officer, On 22-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 30-09-2021) | 1-12 |
| 20 | ഗ്രാമപഞ്ചായത്തിനും ഘടകസ്ഥാപനങ്ങൾക്കും കമ്പ്യൂട്ടർ വാങ്ങൽ - വിതരണഏജൻസി സാധനങ്ങൾ ലഭ്യമാക്കിയില്ല<br>Written By: V G Sajimon (Audit Officer, On 22-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 30-09-2021) | 1-13 |
| 21 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Anitta P Samuel (Asst. Audit Officer, On 18-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 23-09-2021) | 1-14 |
| 22 | സർക്കാർ അംഗീകരിച്ചിട്ടില്ലാത്ത വിതരണ ഏജൻസിയിൽനിന്ന് തെരുവു വിളക്കുകൾ വാങ്ങി<br>Written By: V G Sajimon (Audit Officer, On 22-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 23-09-2021) | 1-15 |
| 23 | ലാപ്പ്ടോപ്പ് വിതരണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Eby Abraham (Senior Grade Auditor, On 22-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 23-09-2021) | 1-16 |
| 24 | ഘടക സ്ഥാപനങ്ങളുടെ കണ്ടിൻജന്റ് ചെലവുകൾ-കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങളില്ല<br>Written By: V G Sajimon (Audit Officer, On 22-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-09-2021) | 1-17 |

| | | |
|---|---|---|
| 25 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Anitta P Samuel (Asst. Audit Officer, On 20-09-2021)<br>Last Updated By: V G Sajimon (Audit Officer, On 22-09-2021) | 1-18 |
| 26 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല<br>Written By: Anitta P Samuel (Asst. Audit Officer, On 20-09-2021)<br>Last Updated By: V G Sajimon (Audit Officer, On 22-09-2021) | 1-19 |
| 27 | വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ-വിതരണ ഏജൻസി ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല<br>Written By: V G Sajimon (Audit Officer, On 22-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 30-09-2021) | 1-20 |
| 28 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്തത് സംബന്ധിച്ച്<br>Written By: Eby Abraham (Senior Grade Auditor, On 14-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 29-09-2021) | 1-21 |
| 29 | അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ പൊതു അപാകതകൾ<br>Written By: T.S.Dhanajayan (Audit Officer, On 23-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 30-09-2021) | 1-22 |
| 30 | വീട്ടുവളപ്പിലെ മത്സ്യകൃഷി നിർമ്മാണം.<br>Written By: T.S.Dhanajayan (Audit Officer, On 23-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 30-09-2021) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Benny Mathew (Auditor, On 13-09-2021)<br>Last Updated By: Benny Mathew (Auditor, On 13-09-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്കുള്ള ഫണ്ട് വിനിയോഗം<br>Written By: Anitta P Samuel (Asst. Audit Officer, On 20-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 29-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: V G Sajimon (Audit Officer, On 22-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 30-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.S.Dhanajayan (Audit Officer, On 18-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 29-09-2021) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: V G Sajimon (Audit Officer, On 22-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 30-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Anitta P Samuel (Asst. Audit Officer, On 14-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 14-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anitta P Samuel (Asst. Audit Officer, On 14-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 14-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Benny Mathew (Auditor, On 18-09-2021)<br>Last Updated By: Benny Mathew (Auditor, On 18-09-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Benny Mathew (Auditor, On 18-09-2021)<br>Last Updated By: Benny Mathew (Auditor, On 18-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.S.Dhanajayan (Audit Officer, On 18-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 30-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Benny Mathew (Auditor, On 18-09-2021)<br>Last Updated By: Benny Mathew (Auditor, On 18-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

തൻവർഷത്തെ ബജറ്റ് സംഗ്രഹം ചുവടെ ചേർക്കുന്നു

| | |
|---|---|
| ബജറ്റ് അംഗീകരിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 01/11.02.2020 |
| ബജറ്റ് അവതരിപ്പിച്ച തീയതി | 07.03.2020 |
| ബജറ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം/ തീയതി | I/26.03.20 |
| ബജറ്റ് പുതുക്കിയ തീരുമാനം/തീയതി | 4(1)/17.02.21 |
| ബജറ്റ് സംക്ഷിപ്തം (പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ) | |
| മുന്നിരിപ്പ് | 2491717 |
| പ്രതീക്ഷിത വരവ് | 115341227 |
| ആകെ | 117832944 |
| പ്രതീക്ഷിത ചെലവ് | 113685926 |
| നീക്കിയിരിപ്പ് | 4147018 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുസരിച്ച് ജനവരി മാസത്തിനുള്ളിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നും നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും തുടർന്നുള്ള വർഷത്തേക്കാവശ്യമുള്ള ധനവിനിയോഗത്തിന്റെ വിശദാംശങ്ങൾ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതീക്ഷിത വരവു - ചെലവുകൾ നിർണയിക്കേണ്ടതും മാർച്ച് ആദ്യ വാരത്തിനുള്ളിൽ ഭരണസമിതി മുൻപാകെ അവതരിപ്പിക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത നടപടിക്രമങ്ങൾ മുൻവർഷത്തേതിനു വിപരീതമായി മാർച്ചിലെ അവസാന ആഴ്ചയിലാണ് പൂർത്തീകരിച്ചത്. നിയമത്തിലെ 175-ാം വകുപ്പു പ്രകാരം ആസൂത്രണം ചെയ്യുന്ന വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബജറ്റുമായി സംയോജിപ്പിക്കണമെന്ന വ്യവസ്ഥ പ്രാവർത്തികമായിട്ടില്ല. സംസ്ഥാന സർക്കാർ ബജറ്റിന്റെ അനുബന്ധം 4-ൽ പരാമർശിക്കുന്ന സർക്കാർ ഗ്രാന്റു മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ബജറ്റിന്റെ ഭാഗമായത്. ത്രിതല തദ്ദേശഭരണസ്ഥാപനങ്ങളുടെയും വിവിധ സർക്കാർ ഏജൻസികളുടെയും സാമ്പത്തിക സഹായത്തോടെയാണ് വാർഷിക പദ്ധതികൾ നിർവഹിക്കപ്പെടുന്നത് എന്നതിനാൽ പ്രസ്തുത ഒഴിവാകൽ ബജറ്റിന്റെ സമഗ്രതയെ സാരമായി ബാധിച്ചിട്ടുണ്ട്. എസ്റ്റിമേറ്റുകൾ കൂടി പ്രതീക്ഷിത തുകകൾ മുൻവർഷത്തെ യഥാർത്ഥ തുകകളോട് നീതി പുലർത്തും വിധം നിർണയിച്ച് ഉൾപ്പെടുത്തിയാൽ മാത്രമാണ് ബജറ്റിന്റെ യഥാർത്ഥ ലക്ഷ്യമായ സാമ്പത്തിക അച്ചടക്കം പാലിക്കൽ സാർത്ഥകമാകുന്നത്. തൻവർഷത്തെ പ്രതീക്ഷിത വരവു-ചെലവു തുകകളും യഥാർത്ഥ വരവു - ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് സമയബന്ധിതവും ശാസ്ത്രീയവുമായി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 09.07.2021 | - | |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് / ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 7285000 | 7285000 | 7284907 | 93 |
| | എസ്.സി.പി | 0 | 2591000 | 2591000 | 2591000 | 0 |
| | റ്റി.എസ്.പി | 0 | 138000 | 138000 | 98333 | 39667 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 10496911 | 10496911 | 5527492 | 4969419 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 3456681 | 3456681 | 3309276 | 147405 |
| | റോഡ് | 0 | 9258000 | 9258000 | 9258000 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി(എസ്റ്റാബ്ലിഷ്മെന്റ് ) | 1 | 503855 | 503856 | 478846 | 25010 |
| | തൊഴിലാളി കളുടെ കൂലി & മെറ്റീരിയൽ | 0 | 9569862 | 9569862 | 9569862 | 0 |
| | 100 ദിന തൊഴിൽ പ്രോത്സാഹനം | 0 | 16000 | 16000 | 16000 | 0 |
| | ഐ.സി.ഡി.എസ് | 341653 | 522388 | 864041 | 761097 | 102944 |
| | ടോട്ടൽ സാനിറ്റേഷൻ | 1881681 | 1442735 | 3324416 | 1053332 | 2271084 |
| സംസ്ഥാനാവിഷ്കൃ പദ്ധതി | ശുചിത്വമിഷൻ | 598383 | 130000 | 728383 | 133300 | 595083 |
| | പകർച്ചവ്യാധി നിയന്ത്രണ ഗ്രാന്റ് | 0 | 500000 | 500000 | 143469 | 356531 |
| | ഇ.എം.എസ്. | 300335 | 0 | 300335 | 0 | 300335 |
| | വിമുക്തി | 4630 | 17887 | 22517 | 5000 | 17517 |
| | ആയുർവേദം | 28270 | 0 | 28270 | 0 | 28270 |
| | സാക്ഷരത | 2697 | 84 | 2781 | 0 | 2781 |

ഗ്രാന്റ് സ്റ്റേറ്റ്മെൻറിലും വാർഷിക കണക്കിലും സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ ഉൾപ്പടുത്താത്തതിനാൽ പഞ്ചായത്തിന് ലഭിച്ച യഥാർത്ഥ തുകകൾ ഇവയിൽ പ്രതിഫലിക്കുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവ് വാർഷികകണക്കിലെ വരവുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | സ്രോതസിൽ കിഴിവ് ചെയ്ത തുക | ഗ്രാന്റ് വിഹിതം | വാർഷിക കണക്ക് പ്രകാരമുള്ള വരവ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 5559667 | 1725333 | 7285000 | 5559574 |
| വികസനഫണ്ട് (എസ് സി പി) | 2429785 | 161215 | 2591000 | 2429785 |
| വികസനഫണ്ട് (ടി എസ് പി) | 108667 | 29333 | 138000 | 69000 |

1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1. വിവിധ ഗ്രാന്റുകളുടെ ബജറ്റ് അലോക്കേഷൻ, വരവ് വിവരങ്ങൾ തെറ്റായി ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത ഗ്രാന്റുകളുടെ വരവ് ചെലവുകൾ ഗ്രാന്റ്/ഇനം തിരിച്ച് ലഭ്യമാക്കിയിട്ടില്ല.

1-4 പദ്ധതി അവലോകനം

തൻവർഷത്തെ വാർഷിക പദ്ധതി രൂപീകരണ ഘട്ടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **രൂപീകരണഘട്ടം** | തീയതികൾ |
|---|---|
| വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ | 28. 01. 2020 |
| പദ്ധതി ആസൂത്രണഗ്രാമസഭകൾ | 06.02.2020 , 07.02.2020 , 09.02.2020, 13.02.2020, 14.02.2020, 16.02.2020 |
| വികസനസെമിനാർ | 07.03.2020 |
| ഭരണ/ സാമ്പത്തികാനുമതി നമ്പർ | ഭരണസമിതിയുടെ 13.03.2020-ലെ 1നമ്പർ തീരുമാനം (അന്തിമ പദ്ധതി) |
| ജില്ലാ ആസൂത്രണസമിതി അംഗീകാരം | 380/20/ഡിപിസി/ ഡിപിഒ/ഐഡികെ/ തീയതി.21.03.2021 (ഭേദഗതിയുൾപ്പടെയുള്ള അന്തിമപദ്ധതി) |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | അടങ്കൽ | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ്₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 1878534 | 2 | 572822 | 2 | 30.49 |
| വെറ്ററിനറി സർജൻ | 8 | 3864792 | 6 | 873892 | 2 | 22.61 |
| മെഡിക്കൽ ഓഫീസർ പിഎച്ച് സി | 4 | 1350000 | 4 | 1103854 | 0 | 81.76 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 275500 | 3 | 269947 | 0 | 97.98 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 400000 | 2 | 400000 | 0 | 100 |
| ഐ സി ഡി | 3 | 2781381 | 2 | 2566829 | 1 | 92.28 |

| | | | | | | |
|---|---|---|---|---|---|---|
| എസ് സൂപ്പർവൈസർ | | | | | | |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 300000 | 1 | 100000 | 0 | 33.3 |
| സെക്രട്ടറി | 45 | 7451026 | 28 | 5702955 | 17 | 76.53 |
| ഹെഡ് മാസ്റ്റർ എൽ പി എസ് | 2 | 242941 | 1 | 109840 | 1 | 45.21 |
| വി ഇ ഓ | 17 | 18908524 | 9 | 8852176 | 8 | 46.81 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 109 | 22249322 | 79 | 13789539 | 30 | 61.97 |
| സബ് ഇൻസ്‌പെക്ടർ, ഫിഷറീസ് | 1 | 370600 | 0 | 0 | 1 | 0 |
| ആകെ | 199 | 60072620 | 137 | 34341854 | 62 | 57.16 |

199പദ്ധതികൾക്കായി ₹60072620/- വകയിരുത്തിയിരുന്നുവെങ്കിലും137 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. (₹34341854/- മാത്രമാണ് ചെലവ്).

**പദ്ധതി ആസൂത്രണ-നിർവഹണ പ്രക്രിയകളിൽ വിവിധ സമിതികളുടെ പങ്കാളിത്തം**

1) **വർക്കിംഗ് ഗ്രൂപ്പുകൾ/മോണിറ്ററിംഗ് സമിതികൾ**

വർക്കിംഗ് ഗ്രൂപ്പു യോഗങ്ങളിൽ വിവിധ മേഖലകളിലേക്കാവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ സ്വരൂപിച്ചതായും അവ ചർച്ച ചെയ്ത് കരട് പദ്ധതിക്ക് രൂപം നൽകിയതായും മിനിട്സ് ബുക്കിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു. എന്നാൽ പദ്ധതി നിർവഹണവേളയിലെ അനിവാര്യ ഇടപെടലുകളും പുരോഗതി വിലയിരുത്തലുകളും നടത്തിയതായ രേഖയില്ല.

2) **ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ**

03 തവണ വീതമാണ് ഗ്രാമസഭകൾ സമ്മേളിച്ചത്. പദ്ധതി ആസൂത്രണ, ഗുണഭോക്തൃ തെരഞ്ഞെടുപ്പുയോഗങ്ങളുടെ തീരുമാനങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

3) **വികസന സെമിനാർ**

വികസന സെമിനാർ സംഘാടനത്തിന്റെ തീരുമാനങ്ങൾ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

5)**ഭരണസമിതി**

വിവിധ തലങ്ങളിൽ നടത്തിയ വിശകലനങ്ങളിലൂടെയും ചർച്ചകളിലൂടെയും രൂപം നൽകിയ അന്തിമ പദ്ധതിയ്ക്ക് സമിതി ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകി. നിർവഹണത്തിലെ പുരോഗതി വിവിധ യോഗങ്ങളിൽ വിലയിരുത്തുകയും ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പ്രസക്തമായ വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

- ലോകമാകെ ബാധിച്ച കോവിഡ് മഹാമാരി, മുൻവർഷങ്ങളിലെ പ്രളയം എന്നിവ സൃഷ്ടിച്ച ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി, നാനാ മേഖലയെയും ബാധിച്ചതിനൊപ്പം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെയും ബാധിച്ചു. ഇത് വാർഷിക പദ്ധതി ചെലവിൽ ഗണ്യമായ കുറവിന് കാരണമായി.
- മുൻവർഷം പൂർത്തിയായതും വർഷാവസാനം തുക പിൻവലിക്കാനാവാതെ ക്യൂ ബില്ലിൽ പോകുകയും ചെയ്ത പ്രോജക്ടുകൾ തൻവർഷം സ്പിൽ ഓവറായി നിലനിർത്തി അതിനായി തൻവർഷ അലോട്ട്മെന്റിൽ നിന്ന് തുക കണ്ടെത്തേണ്ടി വന്ന സാഹചര്യം പദ്ധതി പ്രവർത്തനത്തെ ബാധിച്ചു. പുതിയ പ്രോജക്ടുകൾക്ക് വേണ്ടത്ര തുക വകയിരുത്താനാകാതിരുന്ന സാഹചര്യം തുടരുന്ന സ്ഥിതിവിശേഷമാണ് ഇപ്പോഴും നിലനിൽക്കുന്നത്.
- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രമം നടത്തിയിട്ടുണ്ട്. എന്നാൽ ഫിഷറീസ് ഇൻസ്‌പെക്ടറുടെ സേവനം പ്രയോജനപ്പെടുത്താനായില്ല.
- ഭവന നിർമാണ മേഖലയിൽ ഏറ്റെടുത്ത ലൈഫ്-ന്റെ വിവിധ ഘട്ടങ്ങൾ പ്രകാരം അനേകം ഗുണഭോക്താക്കൾക്ക് അവരുടെ മുടങ്ങിക്കിടന്ന ഭവനനിർമാണം പുനരാരംഭിക്കുവാനും ഭവനനവീകരണം നടത്തുവാനും അവസരമൊരുങ്ങി.
- ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവ് തുക വികസന ഫണ്ടിന്റെ സ്രോതസിൽനിന്ന് കുറവു ചെയ്യുന്ന രീതിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത ചെലവ് സുലേഖ വെബിൽ പ്രതിഫലിക്കുന്നുവെങ്കിലും ലോക്കൽ സാംഖ്യയിൽ അത് ഉൾപ്പെടാത്തത് കണക്കുകളിലെ അന്തരത്തിന് കാരണമാകുന്നു.
- സൃഷ്ടിച്ച ആസ്തികളുടെ ക്രോഡീകരണം, മൂല്യനിർണയം എന്നിവ പൂർത്തിയായിട്ടില്ല.
- കമ്പ്യൂട്ടർ സാമഗ്രികൾ CPRCS മുഖേന വാങ്ങണമെന്ന നിബന്ധന നിലനിൽക്കുന്നതിനാൽ ഗ്രാമപഞ്ചായത്ത് തുക കൈമാറി സാമഗ്രികൾ ലഭിക്കുന്നതിന് അനന്തമായി കാത്തിരിക്കേണ്ട സ്ഥിതി വിശേഷമാണ്. വിതരണ ഏജൻസിയായ KELTRON വർഷങ്ങൾക്കുശേഷവും സാധനങ്ങൾ ലഭ്യമാക്കാത്ത സാഹചര്യം തുടർന്നുള്ള വാങ്ങൽ വേളയിൽ പരിഗണിച്ച് , യഥാസമയം അവ ലഭ്യമാകില്ലായെന്ന് സ്ഥിരീകരിച്ചാൽ ഇതര മാർഗങ്ങൾ തേടാൻ ശ്രദ്ധിക്കേണ്ടതാണ്.
- തെരുവു വിളക്കുകൾ പുതുതായി വാങ്ങി സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി തൻവർഷം 03 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. പുതുതായി വാങ്ങുന്നവയ്ക്ക് 02 വർഷം വരെ വാറന്റി കമ്പനി/വിതരണ ഏജൻസി വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ അവ സ്ഥാപിക്കപ്പെട്ട പോസ്റ്റുകൾക്ക് തുടർപരിശോധനയ്ക്ക് സഹായകരമാകുംവിധം ക്രമ നമ്പരുകൾ നൽകുന്ന സംവിധാനം നിലവിലില്ല. തൻമൂലം അറ്റകുറ്റപ്പണികൾക്ക് AMC

നൽകുന്നവേളയിൽ വാറന്റി നിലനിൽക്കുന്നവയും അതിൽ ഉൾപ്പെടുന്നുണ്ടോയെന്ന് സ്ഥിരീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്.

- ഇലക്ട്രിക്കൽ സാമഗ്രികൾ വിതരണം ചെയ്യാൻ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അംഗീകാരമില്ലാത്ത സ്ഥാപനത്തിൽനിന്ന് ടെൻഡർകൂടാതെ തെരുവു വിളക്കുകൾ വാങ്ങിയ നടപടി ഗൗരവമേറിയ വീഴ്ചയാണ്. പരാമർശം അന്യത്ര ചേർത്തിട്ടുള്ളത് കാണുക.
- വാങ്ങുന്ന സാധനങ്ങൾ കൃത്യമായി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.
- ഘടക സ്ഥാപനങ്ങളുടെ കണ്ടിൻജന്റ് ചെലവുകൾ നടത്തുന്നതിനായി പ്രത്യേക പ്രോജക്ട് പ്രകാരം മുൻകൂറായി അനുവദിച്ച തുകകളുടെ വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

1-5 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി(എസ്റ്റാബ്ലിഷ്മെന്റ്) | 1 | 503855 | 503856 | 478846 | 25010 |
| | തൊഴിലാളി കളുടെ കൂലി & മെറ്റീരിയൽ | 0 | 9569862 | 9569862 | 9569862 | 0 |
| | 100 ദിന തൊഴിൽ പ്രോത്സാഹനം | 0 | 16000 | 16000 | 16000 | 0 |

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 20 | 13560 |
| കർഷക തൊഴിലാളി പെൻഷൻ | 361 | 5346900 |
| വിധവാ പെൻഷൻ | 375 | 6010500 |
| വാർദ്ധക്യകാല പെൻഷൻ | 1163 | 15508400 |
| വികലാംഗ പെൻഷൻ | 164 | 2414400 |
| അവിവാഹിത പെൻഷൻ | 22 | 332900 |

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.09.2021ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1347രൂപ (ആയിരത്തി മുന്നൂററി നാല്പത്തിയേഴു രൂപ മാത്രം)ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു,

1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

- സെക്രട്ടറി, ഹെഡ്ക്ലർക്ക്, അക്കൗണ്ടന്റ് , 07ക്ലർക്കുമാർ , ഡ്രൈവർ, ഓഫീസ് അറ്റന്റന്റ് , പാർട് ടൈം സ്വീപ്പർ എന്നിവരുൾപ്പടെ ആകെ 013 സ്ഥിരം ജീവനക്കാരും കരാറടിസ്ഥാനത്തിൽ നിയമിതനായ ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററുമാണ് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാർ.
- ജീവനക്കാരുടെ ചുമതലകൾ യഥാസമയം ഓഫീസ് ഉത്തരവുകൾ മുഖേന സെക്രട്ടറി വിഭജിച്ചു നൽകുന്നുണ്ട്.
- കണക്കുകളും രേഖകളും സാമാന്യം തൃപ്തികരമായ രീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പാണ് ഇതിനൊരു അപവാദം. ഓഡിറ്റ് വർഷങ്ങളിൽ നടത്തിയ വാങ്ങലുകളുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.
- സ്വകാര്യ വിദ്യാഭ്യാസ സ്ഥാപന ട്രസ്റ്റുമായി നിലനിൽക്കുന്ന കോടതി വ്യവഹാരം ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഭീമമായ വസ്തുനികുതി തുക കരഗതമാകുന്നതിന് തടസ്സമായിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതി മുൻപാകെയുള്ള പ്രസ്തുത ഹർജികളിൽ 2016-ലുണ്ടായ സ്റ്റേ നീക്കുന്നതിന് 05 വർഷങ്ങൾക്കിപ്പുറവും കഴിയാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. കേസ് നടത്തിപ്പിൽ തുടർച്ചയായി വീഴ്ച വരുത്തിയ അഭിഭാഷകനെ മാറ്റുന്നതിൽപോലും ഭരണസമിതിക്ക് ഐകകണ്ഠ്യേന തീരുമാനമെടുക്കാൻ കഴിഞ്ഞില്ലായെന്ന വസ്തുത വേറിട്ട് കാണേണ്ടതുമാണ്.

. നിത്യനിദാനച്ചെലവുകൾക്കുപോലും സർക്കാർ ഗ്രാന്റുകളെ ആശ്രയിക്കുന്ന , തനതു ഫണ്ട് ഉലോം കുറവായ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ബാക്കി പത്രത്തിൽ ( BALANCE SHEET ) മേൽപരാമർശിച്ചിട്ടുള്ള ഭീമമായ വസ്തു നികുതി കുടിശ്ശിക മുൻനിർത്തി "വിടവു നികത്തൽ ഫണ്ടിനു " പോലും അർഹത നിഷേധിക്കപ്പെട്ടു.

. ഇതര വരുമാനങ്ങളുടെ ചുമത്തൽ - ഈടാക്കൽ - രേഖ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

. സംസ്ഥാന സർക്കാരിന്റെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ വാർഷിക പദ്ധതി നടത്തിപ്പിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല.

. സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം ഓരോ വർഷവും വർദ്ധിക്കുന്നത് നൂതന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകളെ ദോഷകരമായി ബാധിക്കുന്നുണ്ട്.

. കമ്പ്യൂട്ടർ സാമഗ്രികൾ CPRCS മുഖേന വാങ്ങണമെന്ന നിബന്ധന നിലനിൽക്കുന്നതിനാൽ ഗ്രാമപഞ്ചായത്ത് തുക കൈമാറി സാമഗ്രികൾ ലഭിക്കുന്നതിന് അനന്തമായി കാത്തിരിക്കേണ്ട സ്ഥിതി വിശേഷമാണ്. വിതരണ ഏജൻസിയായ KELTRON വർഷങ്ങൾക്കുശേഷവും സാധനങ്ങൾ ലഭ്യമാക്കാത്ത സാഹചര്യം തുടർന്നുള്ള വാങ്ങൽ വേളയിൽ പരിഗണിച്ച് , യഥാസമയം അവ ലഭ്യമാകില്ലായെന്ന് സ്ഥിരീകരിച്ചാൽ ഇതര മാർഗങ്ങൾ തേടാൻ ശ്രദ്ധിക്കേണ്ടതാണ്.

. തെരുവു വിളക്കുകളുടെ പരിപാലനത്തിൽ ചില അപാകതകൾ കാണുന്നു. പുതുതായി വാങ്ങുന്ന തെരുവു വിളക്കുകൾക്ക് 02 വർഷം വരെ വാറന്റി കമ്പനി/വിതരണ ഏജൻസി വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ അവ സ്ഥാപിക്കപ്പെട്ട പോസ്റ്റുകൾക്ക് തുടർപരിശോധനയ്ക്ക് സഹായകരമാകുംവിധം ക്രമ നമ്പരുകൾ നൽകുന്ന സംവിധാനം നിലവിലില്ല. തൻമൂലം അറ്റകുറ്റപ്പണികൾക്ക് AMC നൽകുന്നവേളയിൽ വാറന്റി നിലനിൽക്കുന്നവയും അതിൽ ഉൾപ്പെടുന്നുണ്ടോയെന്ന് സ്ഥിരീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്.

. ഇലക്ട്രിക്കൽ സാമഗ്രികൾ വിതരണം ചെയ്യാൻ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അംഗീകാരമില്ലാത്ത സ്ഥാപനത്തിൽനിന്ന് ടെൻഡർകൂടാതെ തെരുവു വിളക്കുകൾ വാങ്ങിയ നടപടി ഗൗരവമേറിയ വീഴ്ചയാണ്. പരാമർശം അന്യത്ര ചേർത്തിട്ടുള്ളത് കാണുക.

. ഭരണസമിതിയോഗ തീരുമാനങ്ങൾ "സകർമ സോഫ്റ്റ് വെയറിൽ " തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ റോഡ് നിർമാണത്തിനും മറ്റും വിട്ടുകിട്ടിയ സ്ഥലങ്ങൾ നിയമപരമായ ഉടമസ്ഥാവകാശം നേടി ആസ്തികളിൽ ഉൾപ്പെടുത്തണമെന്ന തീരുമാനങ്ങൾ നടപ്പായിട്ടില്ല.

. കോവിഡ് മഹാമാരി പടർന്നുപിടിച്ച വേളയിൽ കൃത്യമായ ഉത്തരവുകളിലൂടെയും ഇടപെടലുകളിലൂടെയും ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയൊരുക്കാൻ ഗ്രാമപഞ്ചായത്ത് അധികൃതർക്ക് കഴിഞ്ഞിട്ടുണ്ട്. നിലവിലും തുടരുന്ന പ്രസ്തുത പ്രവർത്തനം ശ്ലാഘനീയമാണ്.

1-9 സെക്യേർഡ് ലോൺ -രജിസ്റ്റർ അപൂർണ്ണം

Balance Sheet – ലെ B(5), B(16) ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്. ലോൺ വരവ്-വിതരണ വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമെങ്കിലും ലോൺ തിരിച്ചടവ്-തിരിച്ചടക്കാനുള്ള തുക എന്നിവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. തിരിച്ചടവ് വിവരങ്ങൾ I&E, R&Pഷെഡ്യൂളുകളിൽ വന്നിട്ടില്ല.

1-9-1 ആസ്തി രജിസ്റ്റർ കാലികമല്ല

(I) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

(Ii) വാർഷിക കണക്കിൽ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

1-9-2 വസ്തു നികുതി-വർഷാവസാനം ലഭിക്കാനുള്ള തുകകൾ-സഞ്ചയ സാംഖ്യ വ്യത്യാസം

വസ്തു നികുതിയിനത്തിൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വർഷാവസാനം ലഭിക്കാനുള്ള തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| കുടിശ്ശിക | വാർഷിക കണക്കുകൾ പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|
| Arrears | 8916325 | 8909849 |
| Current | 1812860 | 1792952 |

1-9-3 ട്രഷറി സേവിംഗ്സ് ബാങ്ക്- റെക്കൺസിലിയേഷൻ-വ്യത്യാസം

സാംഖ്യ ബാങ്ക് ബുക്ക് പ്രകാരമുള്ള 31.03.2021 -ലെ നീക്കിയിരിപ്പ് ₹995812/- ആണെങ്കിൽ ട്രഷറി പാസ്സ് ബുക്ക് പ്രകാരം അത് ₹991506/- മാത്രമാണ്. 30.12.2016-ൽ ₹3906/-യും 31.03.2017-ൽ ₹400/-യും ട്രഷറിയിൽ നിന്ന് തെറ്റായി ഡെബിറ്റ് ചെയ്തതുകൊണ്ടാണ് ₹4306/-യുടെ ഈ കുറവുണ്ടായത്. പ്രസ്തുത വിവരം രേഖാമൂലം ട്രഷറിയെ പഞ്ചായത്ത് അറിയിച്ചിട്ടുണ്ടെങ്കിലും ഇതുവരെ തീരുമാനമായിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-9-4 തനത് ഫണ്ട് -SBI- റെക്കൺസിലിയേഷൻ-വ്യത്യാസം

സാംഖ്യ ബാങ്ക് ബുക്ക് പ്രകാരമുള്ള 31.03.2021 -ലെ നീക്കിയിരിപ്പ് ₹253718/- ആണെങ്കിൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം അത് ₹202144/-ആണ്. ₹51574/-യുടെ വ്യത്യാസമുണ്ടായത് ഇതുവരെ പരിഹരിച്ചിട്ടില്ല. പ്രസ്തുത വിവരം രേഖാമൂലം ബാങ്കിനെ പഞ്ചായത്ത് അറിയിച്ചിട്ടുണ്ടെങ്കിലും ഇതുവരെ തീരുമാനമായിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-9-5 ക്യാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ് -കണക്കുകൾ പൊരുത്തപ്പെടുന്നില്ല

ക്യാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ് എന്നായിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക ₹932846/- ആയിരിക്കെ , അസി. എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇത് ₹1049591/-യാണ്.

1-9-6 വാർദ്ധക്യപെൻഷൻ തുക നെഗററീവായി രേഖപ്പെടുത്തിയിരിക്കുന്നു.

I-6 പ്രകാരം വാർദ്ധക്യപെൻഷൻ നെഗററീവ് തുകയായി ഉൾപ്പെടുത്തിയിരിക്കുന്നു.യഥാർത്ഥത്തിൽ ഇത് ചെലവ് ആയ തുകയാണ്.തുക തെറ്റായി ജേർണൽ ചെയ്തതിനാലാണ് അപാകത സംഭവിച്ചത് എന്നറിയിച്ചു.

1-10 വസ്തു നികുതിയിൽ വൻകുടിശ്ശിക

2020-21 ലെ വാർഷിക ധനകാര്യ പത്രികയുടെ ബി15, ബി15 (A ) എന്നീ പത്രികകളിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ കോടികളുടെ കുടിശ്ശികയുണ്ട്. പ്രസ്തുത കണക്കുകൾ ചുവടെ ചേർക്കുന്നു.

| പത്രിക | ഒക്യുപ്പൻസി പ്രകാരം വസ്തു നികുതിയുടെ തരം | കുടിശ്ശിക (ഗ്രന്ഥശാലാവരി ഉൾപ്പടെ ) |
|---|---|---|
| ബി15 പ്രകാരം | പാർപ്പിടം(തൻവർഷം) | 670,464 |
| | പാർപ്പിടം(കുടിശ്ശിക) | 2376804 |
| | പാർപ്പിടേതരം(തൻവർഷം) | 1142396 |
| | പാർപ്പിടേതരം(കുടിശ്ശിക) | 6539521 |
| ബി15 (A ) പ്രകാരം | പ്രത്യേകമായി തരം തിരിച്ചിട്ടില്ല | 4387523 |
| ഒട്ടാകെ | | 1,51,16,708 |

ഇത്തരത്തിൽ ഭീമമായ തുക കുടിശ്ശിക വന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം.3/12-09-2021) വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. സഞ്ചയ പ്രകാരമുള്ള വസ്തു നികുതി പിരിവ് കണക്കുകൾ പരിശോധിച്ചതിൽ നൂറുൽ ഇസ്ലാം ട്രസ്റ്റ്,പെരുമ്പിള്ളിച്ചിറ എന്ന സ്വകാര്യ ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ അൽ-അസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്ന പേരിൽ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ,അനുബന്ധമായി പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ , കാന്റീൻ , സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുമായി ബന്ധപ്പെട്ട വസ്തു നികുതിയാണ് ഭീമമായ കുടിശ്ശികയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് കാണുകയുണ്ടായി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന ഗണത്തിൽപ്പെടുന്നതിനാൽ നികുതിയിളവ് അവകാശപ്പെട്ടും അനധികൃതമായി നിർമിച്ച കെട്ടിടങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235AA പ്രകാരം മൂന്നു മടങ്ങ് വസ്തു നികുതി നിർണയിച്ച നടപടി എതിർത്തും പ്രസ്തുത ട്രസ്റ്റ് ഗ്രാമപഞ്ചായത്തിനെയും സെക്രട്ടറിയെയും എതിർകക്ഷികളാക്കി ബഹു. കേരള ഹൈക്കോടതി മുൻപാകെ റിട്ട് ഹർജി ഫയൽ ചെയ്തിരുന്നു. (WP© No.11408/2016 ).

കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ ഉപയോഗം | നൽകപ്പെട്ട കെട്ടിട നമ്പർ |
|---|---|---|
| 1 | അൽ -അസർ ആർട്സ് & സയൻസ് കോളേജ് | VII/133A |
| 2 | ദന്തൽ കോളേജ് | VII/133B |
| 3 | ബിഎഡ് കോളേജ് | VII/133C |
| 4 | ലേഡിസ് ഹോസ്റ്റൽ | VII/133D |
| 5 | ബോയ്സ് ഹോസ്റ്റൽ | VII/133E |
| 6 | ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജ് | VII/133F (U/A ) |
| 7 | സ്റ്റേഷൻ | VII/133H (U/A ) |
| 8 | പ്രിൻസിപ്പൽ ക്വാട്ടേഴ്സ് | VII/133I (U/A ) |
| 9 | ഓൾഡ് സ്റ്റാഫ് ക്വാട്ടേഴ്സ് | VII/133M (U/A ) |

( നിലവിൽ ആകെ 16 കെട്ടിടങ്ങളുള്ളതായാണ് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളത്.)

പട്ടികയിലെ ആദ്യ അഞ്ചു കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ച് സ്ഥിരം കെട്ടിട നമ്പറുകളും ശേഷിക്കുന്ന നാല് എണ്ണം പെർമിറ്റ് കൂടാതെയുള്ള നിർമാണം എന്ന ഗണത്തിൽപ്പെടുത്തി അനധികൃതകെട്ടിടനിർമാണത്തിന് ബാധകമായ 3 ഇരട്ടി വസ്തുനികുതിയാണ് ചുമത്തിയത്. 2013-14 വർഷം മുതൽ പുതുക്കിയ നിരക്കിൽ ആകെ 12,19,949/-രൂപ വീതം ഡിമാന്റ് ചെയ്തതിനെതിരെ സ്ഥാപനം സമർപ്പിച്ച മേൽനമ്പർ ഹർജിയിൽ 25.7.2016-ലുണ്ടായ ഉത്തരവു പ്രകാരം നികുതി ചുമത്തൽ നടപടി കോടതി സ്റ്റേ ചെയ്യുകയുണ്ടായി. ഇതോടൊപ്പം ഡിമാന്റ് നോട്ടീസ് ലഭിച്ച കാരണം മുൻനിർത്തി ഫയൽ ചെയ്ത WP(C)12680/2017 നമ്പർ ഹർജി പരിഗണിച്ച് ബഹു.കോടതി 10.4.2017-ലെ ഉത്തരവു പ്രകാരം തുടർ നടപടികൾ താത്ക്കാലികമായി സ്റ്റേ ചെയ്തതായും കാണുന്നു. എന്നാൽ ആദ്യത്തെ കേസിലെ സ്റ്റേ ഉത്തരവു പുറപ്പെടുവിച്ച് 4 വർഷം കഴിഞ്ഞിട്ടും അത് നീക്കിക്കിട്ടുന്നതിന് വേണ്ട നടപടികളായിട്ടില്ല. 28.2.18-ൽ അഭിഭാഷകന് ഒരു കത്ത് നൽകിയെങ്കിലും ഗുണപരമായ നടപടികൾ ഉണ്ടായില്ല. 12.11.2019-ൽ ചേർന്ന ഭരണസമിതി യോഗം വിഷയം ചർച്ച ചെയ്ത് , കേസ് നടത്തിപ്പിൽ വീഴ്ച വരുത്തിയ അഭിഭാഷകൻ അഡ്വ. എൻ ജഗത്തിനെ നീക്കി അഡ്വ.ഡോംസത്തിനെയോ മറ്റ് അനുയോജ്യനായ മറ്റ് അഭിഭാഷകരെയോ നിയമിക്കുന്നത് പരിഗണിച്ചെങ്കിലും ഭൂരിപക്ഷാഭിപ്രായത്തിൽ മാറ്റങ്ങൾ വേണ്ടെന്ന് തീരുമാനിക്കുകയാണുണ്ടായത്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം ( 2013-ൽ വരുത്തിയ ഭദഗതി അനുസരിച്ച് )വകുപ്പ് 207 (1) പ്രകാരം സർക്കാർ വകയോ എയ്ഡഡോ ആയ ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമാണ് വസ്തു നികുതി അടവാക്കുന്നതിൽ ഒഴിവ് നൽകിയിട്ടുള്ളത്. ചില സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇത് സംബന്ധമായി കോടതി വ്യവഹാരങ്ങൾ ആരംഭിച്ചതിനെത്തുടർന്ന് സർക്കാർ ഇക്കാര്യത്തിൽ വ്യക്തത വരുത്തിയതുമാണ്. വസ്തുതകൾ ബഹു. കോടതിയെ ധരിപ്പിച്ച് അനുകൂലമായ വിധ നേടിയെടുക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതിയുൾപ്പടെയുള്ള അധികാരികളുടെ ഭാഗത്തു നിന്നും വളരെ അയഞ്ഞ സമീപനമാണ് സ്വീകരിക്കപ്പെട്ടിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഏകദേശം ഒന്നരക്കോടി രൂപയാണ് പ്രസ്തുത സ്ഥാപനങ്ങളുടെ 2020-21 വർഷം വരെയുള്ള നികുതി കുടിശ്ശികയെന്നാണ് അധികൃതരിൽനിന്ന് അറിയാൻ കഴിഞ്ഞത്. തനതു ഫണ്ടിന്റെ പരിമിതി മൂലം അനിവാര്യ ചുമതലകൾ പോലും നിർവ്വഹിക്കാൻ ബുദ്ധിമുട്ടുന്ന വേളയിലും സമയബന്ധിതമായ നടപടികൾ സ്വീകരിച്ച് അനുകൂല വിധിയിലൂടെ ഭീമമായ തുക കരസ്ഥമാക്കാൻ ശ്രമിക്കാത്ത നടപടി അംഗീകരിക്കാൻ കഴിയുന്നതല്ല. സ്റ്റേ ഒഴിവാക്കി ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം സംരക്ഷിക്കുന്നതിനും , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 235 N, 235W, 235AA(5) വകുപ്പുകൾ പ്രകാരമുള്ള ക്രമവത്ക്കരണ നടപടികൾ സ്വീകരിച്ചും റവന്യൂ നഷ്ടത്തിന് പരിഹാരം കാണുന്നതിനായി വിഷയം ഭരണസമിതി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

1-11 തൊഴിൽ നികുതി കുടിശ്ശിക ശേഷിക്കുന്നു

2020-21 വർഷം താഴെ പരാമർശിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പൂർണമായി പിരിച്ചെടുത്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ വിവരം/ |
|---|---|

| | |
|---|---|
| | അർദ്ധവർഷം |
| 1 | പോസ്റ്റോഫീസ് കുമാരമംഗലം-I |
| 2 | പോസ്റ്റോഫീസ് മൈലക്കൊമ്പ് -I |
| 3 | ആയുഷ് എൻഎച്ച് എം-I |
| 4 | മേരിലാന്റ് പബ്ലിക് സ്കൂൾ-I |
| 5 | അൽ അസ്ഹർ മെഡിക്കൽ കോളേജ്-I,II |
| 6 | തുടർ സാക്ഷരതാകേന്ദ്രം കല്ലൂർ-I |
| 7 | തുടർ സാക്ഷരതാകേന്ദ്രം കുമാരമംഗലം-I |

തൊഴിൽ നികുതി കുടിശ്ശിക അടിയന്തിരമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-12 കരികുളം ഒറ്റമാക്കൽപാറ കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ

| | |
|---|---|
| നിർവ്വഹണം | അസി .എഞ്ചിനീയർ |
| പ്രോജക്ട് നം. | 219/21 |
| അടങ്കൽ | ₹104384/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം | 201005520161007157 97/10.11.20 ₹104384/- |
| അളവ്ബുക്ക് നം | 27/19-20 |
| കരാറുകാരൻ | ശ്രീ ലാലു കെ കെ( എസ്റ്റിമേറ്റ് നിരക്ക്) |

20 വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനാണ് പദ്ധയിൽ തുക ചെലവഴിച്ചിരിക്കുന്നത്

അളവ് ബുക്ക് പ്രകാരം 20mm പി വി സി പൈപ്പ്- 95മീറ്റർ 20mm ജി ഐ. പൈപ്പ് -609 മീറ്റർ,പിറ്റി എം റ്റി സ്റ്റോപ്പ് കോക്ക് -20 എണ്ണം, വാട്ടർമീറ്റർ- 20 എണ്ണം എന്നി ഇനങ്ങൾ ചെയ്തിരിക്കുന്നു. എന്നാൽ നാളിതുവരെ പദ്ധതി പൂർത്തിയായിട്ടില്ല എന്ന് എൽ എസ്.ജി.ഡി ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

പദ്ധതിയുമായി ബന്ധപ്പെട്ട് അസി .എഞ്ചിനീയർ ലഭ്യമാക്കിയവിവരങ്ങൾ .

1. പദ്ധതിയുടെ കുടിവെള്ള സ്രോതസ്,സംവരണടാങ്ക്,സംവരണ ടാങ്കിലേയ്ക്കുള്ള പൈപ്പ് ലൈൻ ,മോട്ടോർ എന്നീ ഇനങ്ങളുടെ നിർവ്വഹണം ജില്ലാ പഞ്ചായത്ത് നടത്തിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി പൂർത്തിയാക്കാനായില്ല. 2020-21വർഷം ജില്ലാ പഞ്ചായത്ത് ഇതിനായി തുക വകയിരുത്തിയിട്ടുണ്ട് എന്നും ഓഡിറ്റ് അന്വേഷണം നം 4 ന് ലഭിച്ച മറുപടിൽ രേഖപ്പെടുത്തിയിരിക്കുന്നു.

.

2.3000ലിറ്റർ മാത്രം വലിപ്പമുള്ള പി വിസി വാട്ടർ ടാങ്കാണ് സ്ഥാപിച്ചിരിക്കുന്നത്. 20വീടുകൾക്ക് വാട്ടർകണക്ഷൻ നൽകുന്നതിന് ഇത് തീർത്തും അപര്യാപ്തമാണ്.

പദ്ധതി ഫലപ്രാപ്തിയിൽ എത്താത്തതിനാൽ ഈ ഇനത്തിലെ ₹104384/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-13 ഗ്രാമപഞ്ചായത്തിനും ഘടകസ്ഥാപനങ്ങൾക്കും കമ്പ്യൂട്ടർ വാങ്ങൽ - വിതരണഏജൻസി സാധനങ്ങൾ ലഭ്യമാക്കിയില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങൽ പ്രക്രിയകളിലെ മത്സരസ്വഭാവം നിലനിർത്തുന്നതിനായി സർക്കാർ GEM (Government E-Market Place ) എന്ന വെബ് പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്ത വെണ്ടർമാരിൽ നിന്നു വാങ്ങലുകൾ സാധ്യമാക്കുന്നതിന് സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റിന്റെ 28.04.2018-ലെ ജി.ഒ(പി) നം.02/2018 നമ്പർ ഉത്തരവു പ്രകാരം സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ പുതുതായി ഒരു അധ്യായം ( നം.19 )കൂടി ഉൾപ്പെടുത്തി. എന്നാൽ കമ്പ്യൂട്ടർ സാമഗ്രികൾ നിർബന്ധമായും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ CPRCS (Centralised Procurement And Rate Contract System ) മുഖേന വാങ്ങണമെന്ന് സർക്കുലർ നം. IT Cell-1/26/2019 വിവരസാങ്കേതിക വകുപ്പ് തീ. 18.03.2019 , ജി.ഒ(പി )10/2019/ എസ്.പി.ഡി തീ. 22.08.2019 , സർക്കുലർ നം. IT Cell-1/106/2019 വിവരസാങ്കേതിക വകുപ്പ് തീ. 21.10.2019 എന്നിവ പ്രകാരം സർക്കാർ വിശദമാക്കിയിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്ത് തൻവർഷം ഏറ്റെടുത്ത രണ്ടു കമ്പ്യൂട്ടർ വാങ്ങൽ പ്രോജക്ടുകൾ CPRCS വെണ്ടറായ KELTRON മുഖേനയാണ് നടപ്പാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ :-

| പ്രോജക്ട് നം | പേര് | നിർവഹണ ഉദ്യോഗസ്ഥൻ | നൽകിയ തുക | ബിൽ നം./തീയതി |
|---|---|---|---|---|
| എസ് 178/2021 | ഫ്രണ്ട് ഓഫീസിലേക്കും AE ഓഫീസിലേക്കും കമ്പ്യൂട്ടർ ലാപ്ടോപ് വാങ്ങൽ (കമ്പ്യൂട്ടർ + UPS ) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 76184 | 2010055201840001 5832/ തീ.11.04.2020 |
| എസ് 069/2021 | ആയുർവേദാശുപത്രിക്ക് കമ്പ്യൂട്ടർ സാമഗ്രികൾ വാങ്ങൽ | മെഡിക്കൽ ഓഫീസർ (ISM) | 28404 | 2010055201100135 0670/ തീ.25.03.2021 |
| | ആകെ | | 104588 | |

തുക കൈമാറിയെങ്കിലും വിതരണ ഏജൻസി കമ്പ്യൂട്ടറും അനുബന്ധസാമഗ്രികളും ഇതുവരെ ലഭ്യമാക്കിയിട്ടില്ല. CPRCS മുഖേനയുള്ള വാങ്ങലുകൾക്ക് കാലതാമസം നേരിടുന്ന വസ്തുത വിലയിരുത്തിയ അധികാര വികേന്ദ്രീകരണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി, ആവശ്യപ്പെടുന്ന സാമഗ്രികൾ യഥാസമയം ലഭിക്കാൻ സാധ്യതയില്ലാത്തപക്ഷം ടെൻഡർ / ഇ-ടെൻഡർ രീതി അനുവർത്തിക്കാവുന്നതാണെന്ന് 12.08.2020-ലെ 2.4 (3.3 ) നമ്പർ തീരുമാനപ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. (തദ്ദേശസ്വയംഭരണവകുപ്പിന്റെ 7.09.2020-ലെ ഡി.എ.1/153/2020 നമ്പർ സർക്കുലർ കൂടി കാണുക ). വില, സ്പെസിഫിക്കേഷൻ എന്നിവ തദ്ദേശസ്വയംഭരണവകുപ്പിന്റെ 20.01.2020-ലെ ഡി.എ.1/363/2019 നമ്പർ സർക്കുലർ പ്രകാരം ആയിരിക്കണമെന്നതാണ് നിബന്ധന. ഗ്രാമപഞ്ചായത്ത് തൻവർഷം GEM മുഖേന കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയർ , ലാപ്ടോപ്പ്, തുടങ്ങിയവ വാങ്ങിയിരുന്ന കാര്യവും (പ്രോജക്ട് നം.എസ്12/2021 ) ശ്രദ്ധിക്കുക. തുകകൾ അനന്തമായി വിതരണ

ഏജൻസിയുടെ പക്കൽ ശേഷിക്കുന്ന നടപടി ശരിയല്ല. ആവശ്യപ്പെടുന്ന സാമഗ്രികൾ യഥാസമയം ലഭിക്കുന്നതിനുള്ള സാധ്യത വിലയിരുത്തി മാത്രം CPRCS അനുവർത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സാധനങ്ങൾ ഓഡിറ്റ് തീയതിവരെയും ലഭിക്കാത്ത സാഹചര്യത്തിൽ ചെലവുതുക ( 104588/- രൂപ ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട സാധനങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-14 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനങ്ങളാണ് കുമാരമംഗലം ഗ്രാമപഞ്ചായത്ത് കാഴ്ചവെച്ചിട്ടുള്ളത്. രോഗവ്യാപനം തടയുന്നതിനൊപ്പം രോഗികളായവർക്കും ബന്ധുക്കൾക്കും അടിയന്തിര വൈദ്യ സേവനവും ഭക്ഷ്യ സുരക്ഷയും ഉറപ്പാക്കുന്നതിന് ബഹുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിച്ചിരുന്നു. രോഗത്താൽ ഒറ്റപ്പെട്ടുപോയവർക്കും, കുടുംബാംഗങ്ങൾക്കും , സാധുക്കളായ മറ്റ് വ്യക്തികൾക്കും യഥാസമയം ഭക്ഷണസാധനങ്ങൾ പാകം ചെയ്ത് എത്തിക്കുന്നതിന് കുടുംബശ്രീ മേൽനോട്ടത്തിൽ കമ്യൂണിറ്റി കിച്ചൻ പ്രവർത്തിപ്പിക്കുകയുണ്ടായി. പാചകം, ഇന്ധനം, സപ്ലൈകോ-യിൽ നിന്നുള്ള റേഷൻ സാധനങ്ങൾ , പച്ചക്കറി, പലചരക്ക്, എന്നിവയുള്ള ചെലവു പഞ്ചായത്താണ് വഹിച്ചത്.

വീടുകളിൽ ക്വാറന്റൈൻ സൗകര്യം സാധ്യമല്ലാതിരുന്ന രോഗികൾക്കുവേണ്ടി പഞ്ചായത്തിന്റെ പരിധിയിലുള്ള സെന്റ് തോമസ് യു.പി.സ്കൂളിൽ DCC (Domiciliary Care Centre )സജ്ജമാക്കി ആശാ വർക്കർമാരെയും യൂത്ത് വോളന്റിയർമാരെയും FHC മുഖേന പരിശീലനം നൽകി നിയമിച്ചു. ദിവ്യരക്ഷാലയം എന്ന വൃദ്ധസദനത്തിൽ കോവിഡ് പടർന്നു പിടിച്ചതിനെത്തുടർന്ന് രോഗികളെ ചികിത്സിക്കുന്നതിന് ഒരു മെഡിക്കൽ ഓഫീസറെ പഞ്ചായത്ത് ചെലവിൽ നിയമിച്ചിരുന്നു. പഞ്ചായത്തിന്റെ പരിധിയിലുള്ള പെരുമ്പള്ളിച്ചിറ അൽ-അസർ കോളേജ് ഹോസ്റ്റലിൽ കോവിഡ് കെയർ സെന്ററും (CFLTC ) സജ്ജമാക്കി. ഇവിടേയ്ക്ക് ആവശ്യമായ ശുചീകരണസാമഗ്രികൾ, പാത്രങ്ങൾ, മെത്ത , തലയണ, ഭക്ഷണം എന്നിവ നല്കിയതിനും പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വാഹനത്തിന് ഇന്ധനച്ചെലവ് , വാടക (സെക്ടർ മജിസ്ട്രേറ്റിന്റെ ഉൾപ്പെടെ) എന്നീ ഇനങ്ങൾക്കും പഞ്ചായത്തിലേക്ക് കോവിഡ് പ്രതിരോധ ഉപകരണങ്ങൾ വാങ്ങിയതിനും തുക ചിലവഴിച്ചിട്ടുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 18 യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നല്കിയിട്ടുണ്ട്. 13 വാർഡുകളിലും വാർഡ്തല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

സംഭാവനയായി ലഭ്യമായ രൂ.60,000/- യൂണിയൻ ബാങ്കിലെ അക്കൗണ്ട് നംപർ 445402010011988 -ലാണ് നിക്ഷേപിച്ചത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് രൂ.683639/ചെലവഴിച്ചിട്ടുണ്ട്(7.05.2020 മുതൽ 23.02.2021 വരെ).

CFLTC ചെയർപേഴ്സൺ ആന്റ് നോഡൽ ഓഫീസറുടെ പേരിൽ ആരംഭിച്ച അക്കൗണ്ടിലേക്ക് (കാത്തലിക് സിറിയൻ ബാങ്ക് , കുമാരമംഗലം ശാഖ അക്കൗണ്ട് നം. 035104157301190001) ജില്ലാ കളക്ടർ അനുവദിച്ച 500000/-രൂപയിൽ രൂ.363961.75 വിനിയോഗിക്കാൻ ശേഷിക്കുന്നുണ്ട്. . കോവിഡ് പ്രതിരോധത്തിനായി തനതുഫണ്ടിൽ നിന്ന് ചെലവഴിച്ച രൂ.489114/-മൂന്ന് തവണകളായി ഇടുക്കി ജില്ലാ കളക്ടർ തിരികെ ലഭ്യമാക്കിയിട്ടുണ്ട്.

## 1-15 സർക്കാർ അംഗീകരിച്ചിട്ടില്ലാത്ത വിതരണ ഏജൻസിയിൽനിന്ന് തെരുവു വിളക്കുകൾ വാങ്ങി

| | |
|---|---|
| പ്രോജക്ട് നം. | എസ് 246/2021 |
| പേര് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 786420/- രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവു തുക | 786398/- രൂപ |
| ബിൽ നം. /തീയതി | 20100552018400707817/ തീ. 09.11.2020 |
| വാങ്ങിയ തെരുവു വിളക്കുകൾ | 1. ഇൻവോയ്സ് നം.170/24.09.2020<br>SLMU2-25 W LED Street Light With LDR ;- 260എണ്ണം<br>1. ഇൻവോയ്സ് നം.171/24.09.2020<br>SLMU2-25 W LED Street Light Without LDR ;- 48എണ്ണം<br>ആകെ വാങ്ങിയ വിളക്കുകളുടെ എണ്ണം -308 |

തൻവർഷം ഏറ്റെടുത്ത പ്രസ്തുത പ്രോജക്ടിന്റെ വിതരണ ഏജൻസിയായി ഗ്രാമപഞ്ചായത്ത് ഭരണസമിതി നിശ്ചയിച്ചത് Artisan Development Corporation Thiruvananthapuram എന്ന സ്ഥാപനത്തെയാണ് . സാധനങ്ങൾ വാങ്ങുവാനും തുക നൽകുവാനും 04.08.2020-ലെ ഭരണസമിതി യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി. ( തീരുമാന നം. I (3 ). പ്രസ്തുത തീരുമാനത്തിൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 10.02.2020-ലെ ജി.ഒ (ആർടി) 8/2020 നമ്പർ ഉത്തരവു പ്രകാരം സ്ഥാപനം നിർമിക്കുന്ന സ്റ്റീൽ / മരം കൊണ്ടു നിർമിക്കുന്ന ഫർണിച്ചറുകൾ മാത്രമാണ് സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവോടെ വിതരണം നടത്താവുന്നത്. സ്ഥാപനം നിർമിക്കുന്ന വസ്തുക്കളിൽ ഇലക്ട്രിക്കൽ സാധനങ്ങൾ ഇല്ലാതിരിക്കുകയും അത്തരം സാധനങ്ങൾ വിതരണംചെയ്യാൻ സർക്കാർ ഇളവ് അനുവദിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തിയ നടപടി ക്രമപ്രകാരമുള്ളതല്ല. ടെൻഡറിന്റെ മത്സര സ്വഭാവം ഒഴിവായതിനാൽ ഗ്രാമപഞ്ചായത്തിന് ടെൻഡർഫീസ് ഇനത്തിലും നഷ്ടം സംഭവിച്ചു. ( 786420 X 0.2 % = 1600 /-(Rounded ) + GST ). തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങൽ പ്രക്രിയകളിലെ മത്സരസ്വഭാവം നിലനിർത്തുന്നതിനായി സർക്കാർ GEM (Government E-Market Place ) എന്ന വെബ് പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റിന്റെ 26.04.2019-ലെ ജി.ഒ(പി) നം.07/2019 നമ്പർ ഉത്തരവു പ്രകാരം 25000/- രൂപയ്ക്കു മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും GEM നിർബന്ധമാക്കിയിട്ടുണ്ട്. മികച്ച പ്രവർത്തനക്ഷമതയും വിൽപനനാന്തര സേവനവും ഉറപ്പാക്കാൻ കഴിയുന്ന വിതരണക്കാരും കമ്പനികളും GEM-ൽ ഉണ്ടായിരിക്കെ വിലയ്ക്കും സേവനത്തിനും യാതൊരു താരതമ്യത്തിനും സാധ്യമല്ലാതെ, വിതരണ ഏജൻസി നിശ്ചയിച്ച വിലയ്ക്ക് തെരുവുവിളക്കുകൾ വാങ്ങിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

വാങ്ങിയ സ്റ്റോക്ക് വിവരംപോലും രജിസ്റ്ററിൽ സൂക്ഷിച്ചിരുന്നില്ല. ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് 90-ാം പേജിൽ വാങ്ങൽ വിവരങ്ങൾ രേഖപ്പെടുത്തി. എന്നാൽ അവ ഘടിപ്പിച്ചത് സംബന്ധിച്ച വാർഡംഗങ്ങളുടെ സാക്ഷ്യപത്രം ഫയലിൽ ഇല്ല. സ്റ്റോക്ക് , സ്ഥാപിക്കൽ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തിയും ശേഖരിച്ചും സൂക്ഷിക്കാത്തതിനാൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യം യഥാവിധി നടന്നിട്ടുണ്ടോയെന്നും ഉറപ്പാക്കാനാവാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്.

മേൽപരാമർശിത അപാകതകളുടെ വെളിച്ചത്തിൽ പ്രോജക്ടിനുവേണ്ടി ചെലവഴിച്ച 786398/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 ലാപ്പ്ടോപ്പ് വിതരണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര്, നം | പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് , എസ്.സി , S.O.230/2020-21 |
| നിർവഹണദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| അടങ്കൽ തുക | ₹ 217941/- |
| ബിൽ നം ,തുക, തീയതി | 1/2020-21, ₹ 109840/- , 31.03.2021 |

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് (എസ്.സി) എന്ന പദ്ധതി പ്രകാരം 4 ലാപ്പ് ടോപ്പുകൾക്കായി ₹109840/- കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ 799011400003959 നം ട്രഷറി അക്കൗണ്ടിലേയ്ക്ക് ബിൽ നം 1 പ്രകാരം 31.3.2021 ൽ ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ലാപ്പ് ടോപ്പുകൾ ലഭ്യമായിട്ടില്ല. മാത്രമല്ല 4 ഗുണഭോക്താക്കളിൽ 3 പേരുടെ പഠനകാലാവധി 2020-21ൽ അവസാനിക്കുകയുമാണ്. ആയതിനാൽ മേൽപ്പറഞ്ഞ 3 പേർക്ക് ഇനി ഈ പദ്ധതിയിൽപ്പെടുത്തി ലാപ്പ് ടോപ്പുകൾ നല്കാനാവില്ല. പദ്ധതി വിഭാവനം ചെയ്യുമ്പോൾ അവ ഗുണഭോക്താക്കൾക്ക് ഉപയോഗപ്രദമാകുന്ന തരത്തിലുള്ളവയാകേണ്ടതാണ്. ലാപ്പ്ടോപ്പുകൾ ലഭ്യമാകുമ്പോൾഅർഹരായ 3 ഗുണഭോക്താക്കളെ വീണ്ടും തെരഞ്ഞെടുത്ത് അവ വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

| | | | | | |
|---|---|---|---|---|---|
| | | | | | |

## 1-17 ഘടക സ്ഥാപനങ്ങളുടെ കണ്ടിൻജന്റ് ചെലവുകൾ-കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങളില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനദിന കണ്ടിൻജന്റ് ചെലവുകൾ നിർവഹിക്കുന്നതിനായി വാർഷിക എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡിതര വിഭാഗം )/ പൊതു ആവശ്യ ഗ്രാന്റ് / തനതു ഫണ്ട് വകയിരുത്തി ഒരു പ്രോജക്ട് രൂപീകരിച്ച് ആവശ്യമായ ഫണ്ട് മുൻകൂറായി അനുവദിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14.02.2018-ലെ 22/2018 നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച 13-ാം പദ്ധതി സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 8.8 ൽ വ്യവസ്ഥ ചെയ്തിരുന്നു. ഫണ്ടിന്റെ സമയബന്ധിതമായ ലഭ്യതക്കുറവു മൂലം ഘടക സ്ഥാപനങ്ങൾക്ക് വൈദ്യുതി ചാർജ്, വെള്ളക്കരം , ടെലിഫോൺ ചാർജ് മുതലായ ആവർത്തനച്ചെലവുകൾക്ക് സർച്ചാർജ് ഒടുക്കേണ്ടി വരികയും അവ ഓഡിറ്റ് തടസ്സത്തിന് നിദാനമാകുകയും ചെയ്ത സാഹചര്യം വിലയിരുത്തിയാണ് ഇത്തരമൊരു സൗകര്യം ഏർപ്പെടുത്തിയത്. ഇതു പ്രകാരം അനുവദിക്കുന്ന തുകകൾക്ക് അതത് സ്ഥാപനങ്ങൾ തങ്ങളുടെ മേൽ നിയന്ത്രണാധികാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് വിനിയോഗ സാക്ഷ്യപത്രം നൽകണമെന്നും വൗച്ചറുകൾ സ്വയം സൂക്ഷിച്ച് ഓഡിറ്റിന് ഹാജരാക്കണമെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തൻവർഷം സംരക്ഷണ ഗ്രാന്റിൽ നിന്ന് (റോഡിതര വിഭാഗം ) 2,00,000 - രൂപ വകയിരുത്തി ഒരു പ്രോജക്ട് രൂപീകരിച്ച് (എസ് 0027 / 2021 ) ഘടകസ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഘടക സ്ഥാപനം | അനുവദിച്ച തുക (രൂപ ) | ചെലവഴിച്ച തുക | നീക്കി ബാക്കി | ബിൽ വിശദാംശങ്ങൾ |
|---|---|---|---|---|
| ഗവ.ആയുർവേദ ഡിസ്പെൻസറി | 12000 | 12000 | 00 | 20100552018400714508/ തീ.10.11.2020 |
| ഗവ.ഹോമിയോ ഡിസ്പെൻസറി | 15000 | ലഭ്യമല്ല | വ്യക്തമല്ല | |
| ഗവ.ഹോമിയോ ഡിസ്പെൻസറി (NHM ) | 4500 | ലഭ്യമല്ല | വ്യക്തമല്ല | |
| കുടുംബ ആരോഗ്യ കേന്ദ്രം | 100000 | 80225 | 19775 | |
| കൃഷി ഭവൻ | 20000 | ലഭ്യമല്ല | ലഭ്യമല്ല | |
| ഗവ.എൽ.പി.എസ് കുമാരമംഗലം | 14000 | ലഭ്യമല്ല | ലഭ്യമല്ല | |
| ഗവ.എൽ.പി.എസ് കല്ലൂർ | 15000 | ലഭ്യമല്ല | ലഭ്യമല്ല | |
| പഞ്ചായത്ത്.എൽ.പി.എസ് | 6000 | ലഭ്യമല്ല | ലഭ്യമല്ല | |
| ഗവ.വെറ്ററിനറി ഡിസ്പെൻസറി | 13500 | ലഭ്യമല്ല | ലഭ്യമല്ല | 20100552018401152114/ തീ.24.02.2021 |
| ആകെ | 200000 | | | |

തുക കൈപ്പറ്റിയ ഘടക സ്ഥാപനങ്ങളിൽ കുടുംബ ആരോഗ്യ കേന്ദ്രം , ഗവ.ആയുർവേദ ഡിസ്പെൻസറി എന്നിവ ഒഴികെയുള്ളവ മാർഗരേഖയിൽ നിഷ്കർഷിച്ച പ്രകാരം വിനിയോഗ സാക്ഷ്യപത്രം , ചെലവു വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിലവിലെ വ്യവസ്ഥകൾപ്രകാരം ഒരു സാമ്പത്തിക വർഷത്തേക്ക് അനുവദിക്കുന്ന തുകകൾ അതാത് വർഷംതന്നെ വിനിയോഗിക്കേണ്ടതും വിനിയോഗശിഷ്ടമുള്ളപക്ഷം മാർച്ച് 31-ന് സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതുമാണ് ( ധനകാര്യവകുപ്പിന്റെ 12.04.2006-ലെ ജി.ഒ (പി) 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10 കൂടി കാണുക ). സ്ഥാപനങ്ങൾക്ക് ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ച തുക സാമ്പത്തികവർഷം കഴിഞ്ഞ് വിനിയോഗിക്കാതെ ശേഷിക്കുന്നുണ്ടോയെന്ന് രേഖകളുടെ അഭാവത്തിൽ സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. ചെലവിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 107775/- ( 200000-( 12000 + 80225) = 107775/-രൂപ )ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-4 പ്രകാരം ,പ്രത്യേക ഉദ്ദേശ്യങ്ങൾക്ക് ഗ്രാന്റുകളിൽ ഗണ്യമായ തുക

ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ഗ്രാന്റിനം | ചെലവഴിക്കാത്ത തുക |
|---|---|
| ററി.എസ്.സി | 2271084 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 102944 |
| ശുചിത്വ മിഷൻ | 595083 |
| പകർച്ച വ്യാധി നിയന്ത്രണം | 356531 |
| സംയുക്ത പദ്ധതിക്കുള്ള ബ്ളോക്ക് വിഹിതം | 850500 |

ഗ്രാന്റ് തുകകൾ സമയബന്ധിതമായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I , അനുച്ഛേദം 282 അനുസരിച്ച് , 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യതാക്കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. Contractors EMD(2015-16 മുതൽ ) , Suppliers EMD(2015-16 മുതൽ), Bidders EMD(2017-18 മുതൽ) Suppliers Security Deposit(2017-18മുതൽ), Road Cutting Deposit 2015-16മുതൽ, Deposit Received For Halls And Auditoriums 2015-16 മുതൽ, Auction Deposit (2015-16 മുതലുള്ളവ ) തുകകളാണ് ഇത്തരത്തിൽ ധനകാര്യപത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്. പ്രസ്തുത തുകകൾഇതിനോടകം കാലഹരണപ്പെട്ടിട്ടുള്ളതിനാൽ അവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുകകൾ ക്രമീകരിക്കുന്നതനുസരിച്ച് രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

## 1-20 വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ-വിതരണ ഏജൻസി ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ വാർഷികപദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനു കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ സ്ഥാപനം പൂർണമായി വിതരണം ചെയ്തിട്ടില്ല. ടി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | നിർവഹണ ഏജൻസി | കൈമാറിയ തുക | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| എ) മെഡിക്കൽ ഓഫീസർ , FHC | | | | | |
| എസ്040/21കുമാരമംഗലം FFHC-യിലേക്ക് മരുന്നു വാങ്ങൽ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ തിരുവനന്തപുരം | 350000 | NEFT മുഖേന സ്ഥാപനത്തിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിലുള്ള 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് 06.01.2021-ൽ ട്രാൻസ്ഫർ ചെയ്തു. | 308106 | 41894 |
| എസ്110/21പാലിയേറ്റീവ് കെയർ മരുന്നു വാങ്ങൽ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ തിരുവനന്തപുരം | 80000 | NEFT മുഖേന സ്ഥാപനത്തിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിലുള്ള 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് 18.03.2021-ൽ ട്രാൻസ്ഫർ ചെയ്തു. | ---- | 80000 |
| ബി) മെഡിക്കൽ ഓഫീസർ (GAD ) | | | | | |
| എസ് 068/21 ആയുർവേദാശുപത്രിക്ക് മരുന്ന് | ഔഷധി തൃശ്ശൂർ | 300000 | NEFT മുഖേന സ്ഥാപനത്തിന് പഞ്ചാബ് നാഷണൽ ബാങ്ക് കുട്ടനല്ലൂർ ശാഖയിലുള്ള 5913005900000015 | 253036 | 46964 |

| | | | | | |
|---|---|---|---|---|---|
| | | | നമ്പർ അക്കൗണ്ടിലേക്ക് 19.023.2021-ൽ ട്രാൻസ്ഫർ ചെയ്തു. | | |
| ആകെ | | | | | 168858 |

പാലിയേറ്റീവ് കെയർ പോലെയുള്ള പ്രോജക്ടുകൾക്കു വേണ്ടതായ അവശ്യ മരുന്നുകൾ പോലും യഥാസമയം ലഭിക്കാത്ത സാഹചര്യം സാധുക്കളായ രോഗികൾക്ക് അവരുടെ ജീവിത സായാഹ്നത്തിൽ എത്തിക്കേണ്ട ഏറ്റവും അനുതാപപൂർണമായ പരിചരണം നൽകുവാൻ വലിയ തടസ്സമാണ് സൃഷ്ടിക്കുന്നത്. ജീവൻരക്ഷാ മരുന്നുകൾ യഥാസമയം ലഭ്യമാക്കാനാവാത്ത അവസ്ഥ സ്വാഭാവികനീതി നിഷേധത്തിനു തുല്യമാകയാൽ അത് ഒട്ടുംതന്നെ അംഗീകരിക്കാവുന്ന വസ്തുതയല്ല. ഇൻവോയിസിൽ ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്..

1-21 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്തത് സംബന്ധിച്ച്

| | |
|---|---|
| പദ്ധതിയുടെ പേര്, നം | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ, 29/2020-21 |
| നിർവഹണദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ തുക | ₹ 200000/-, റോഡിതരം |
| ബിൽ നം ,തുക, തീയതി | 1/2020-21, ₹ 200000/- , 20.11.2020 |

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതി പ്രകാരം ₹200000/- കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ , 3430640911നം എസ്.ബി.ഐ അക്കൗണ്ടിലേയ്ക്ക് ബിൽ നം 1 പ്രകാരം 20.11.2020ൽ ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ₹40499/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ₹159501 /- യുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-22 അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പദ്ധതികളിലെ പൊതു അപാകതകൾ താഴെ ചേർക്കുന്നു.

1.പ്രോജക്ട് ഫോറത്തിലെ ക്രമ നം .36- ആസ്തികളുടെ യുണീക് നംപർരേഖപ്പടുത്തുന്നില്ല.ആയതിനാൽ അസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട ഇനമാണോ എന്നും ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ നിർമ്മാണങ്ങൾ നടത്തുന്നത് എന്നും ഉറപ്പാക്കാൻ സാധിക്കുന്നില്ല. ഇത്തരം അപാകതകൾ മൂലം സ്വകാര്യവ്യക്തികൾക്ക് റോഡുകൾ നിർമ്മിച്ചു നൽകാനുള്ള സാഹചര്യം ഒരുക്കുന്നു.

2.നിർമ്മിക്കപ്പെട്ട എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റുകളിൽ പദ്ധതിയുടെ നെയിംബോർഡുകൾ സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഒരു പ്രവൃത്തിയിൽ പോലും അളവ് ബുക്ക് പ്രകാരം ഇവ സ്ഥാപിച്ചിട്ടില്ല. ആയതിനാൽ നിലവിൽ നിർമ്മിച്ചിരിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം പൊതുജനങ്ങൾക്ക് അറിയുന്നതിനുള്ള അവസരം നഷ്ടപ്പെടുന്നു. കൂടാതെ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, എന്നിങ്ങനെ വിവിധ സ്ഥാപനങ്ങൾ ഒരേ പദ്ധതികൾ നിർവ്വഹണം നടത്തിയതായി രേഖകൾ മാത്രം ഉണ്ടാക്കാനും അവസരം ഉണ്ടാക്കുന്നു.ആയതിനാൽ ഗ്രാമപഞ്ചായത്ത് നിർവ്വഹണം നടത്തുന്ന എല്ലാ പദ്ധതികളിലും പദ്ധതികളുടെ വിശദാംശങ്ങൾ (പദ്ധതിയുടെ പേര്, അടങ്കൽ തുക, വർഷം,ഗ്രാമപഞ്ചായത്തിന്റെ പേര്, നടപ്പാക്കിയ പദ്ധതിയുടെ അളവ് ) അടങ്ങുന്ന നെയിംബോർഡുകൽ സ്ഥാപിക്കേണ്ടതാണ്.

3. ഉറപ്പിച്ച ടെണ്ടറുകളുടെ സെലക്ഷൻ നോട്ടീസ് കരാറുകാരന് നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ കൃത്യസമത്ത് കരാർ തയ്യാറാക്കുന്നുണ്ടോ എന്ന് കൃത്യത വരുത്താനാവുന്നില്ല.

5. Basic Approach And General Condition And Assumptions For The Preparation Of Standard Data Book For Rural Road ഇനം 4 പ്രകാരം Overhead Charge ഇനത്തിൽ നൽകുന്ന 10% തുകയിൽ 4% Sales/Turn Over Tax ഒടുക്കുന്നതിനുവേണ്ടിയാണ്. ആയതിനാൽ ജി എസ് ടി കോമ്പൻസേഷൻ ഇനത്തിൽ നൽകുന്ന 12%തുകയിൽ നിന്ന് 4% കുറവ് ചെയ്തതിന് ശേഷമുള്ള തുയ്ക്ക് മാത്രമാണ് കരാറുകാർക്ക് അർഹതയുള്ളത് .ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-23 വീട്ടുവളപ്പിലെ മത്സ്യകൃഷി നിർമ്മാണം.

ഫിഷറീസ് സബ് ഇൻസ്പക്ടർക്ക് നിർവ്വഹണം നടത്തുന്നതിനായി ₹221400/- യുടെ അടങ്കലിൽ ഒരു പദ്ധതി മാത്രമായിരുന്നു ഉണ്ടായിരുന്നത്. അയത് നടപ്പാക്കാത്താത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണം നം. 8/22.09.2021ന് മറുപടി ലഭിച്ചിട്ടില്ല.നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികൾ പൂർണ്ണമായി നടത്തുന്നതിന് കമ്മിററി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## ഭാഗം -2

### വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | |

## 4-2 സംയുക്ത പദ്ധതികൾക്കുള്ള ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2020-21 | 340000 | നെല്ലുകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 340000 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 175000 | 24/20-21ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ,ബത്ത നല്കൽ | 175000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 302700 | 118/2020-21ലൈഫ് ഭവനപദ്ധതി വീട് ലഭ്യമാക്കൽ( ജനറൽ) | 302700 | 0 |
| | | 418600 | 119/20-21ലൈഫ് ഭവനപദ്ധതി വീട് ലഭ്യമാക്കൽ-പട്ടികജാതി | 418600 | 0 |
| | | 175000 | 24/20-21ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ,ബത്ത നല്കൽ | 175000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ തൊടുപുഴ | എസ് 167/21 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 20100552018400154369/ തീ.11.04.2020 | 101598 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ തിട്ടപ്പെടുത്തിയട്ടില്ല | വ്യക്തമല്ല |
| | എസ് 115/2111-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ പുതിയ ലൈൻ സ്ഥാപിക്കൽ | 20100552018401309537/ തീ.20.03.2021 | 113182 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ തിട്ടപ്പെടുത്തിയട്ടില്ല | വ്യക്തമല്ല |
| കേരളവാട്ടർഅതോറിറ്റി (PHഡിവിഷൻ )തൊടുപുഴ | എസ് 261/2021 മാളികപ്പടി പാതാഴപ്പാറ റോഡ് സൈഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 20100552018401309564/ തീ.20.03.2021 | 73000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ തിട്ടപ്പെടുത്തിയട്ടില്ല | വ്യക്തമല്ല |
| | എസ് 112/2021 പെരുമാങ്കണ്ടം-മൈലാടുംചിറ റോഡ് സൈഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 20100552018401145708/ തീ.24.02.2021 | 225400 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ തിട്ടപ്പെടുത്തിയട്ടില്ല | വ്യക്തമല്ല |
| കേരള സ്റ്റേറ്റ് ഐ.ടി മിഷൻ | പ്രൊഫഷണൽ കോളേജ് | 20100552011501426382, 29.03.2021 | 109840 | 0 | 109840 |

| | | | | | |
|---|---|---|---|---|---|
| | വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് (എസ്.സി) | | | | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഗുണഭോക്തൃ സമിതികൾക്ക് നൽകിയിട്ടില്ല

4-5 വായ്പ/വായ്പാതിരിച്ചടവ്

തൻവർഷം LIFE ഭവന പദ്ധതി വായ്പയിനത്തിൽ 22,40,000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക(₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| LIFEഭവന പദ്ധതിക്കുള്ള ഹഡ്കോ വായ്പ (KURDFC മുഖേന ലഭ്യാക്കുന്നത്) | ജി.ഒ(എം.എസ്) നം.68/2018/ എൽ.എസ്.ജി.ഡി തി.18.05.2018 | 8415882 | 61,75,882 | 2240000 | 10,39,881 | 0 | 73,76,001 |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരുപ്പ് | ₹4489151 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹49160207 |
| ആകെ | ₹53649358 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹45136812 |
| നീക്കിയിരുപ്പ് | ₹8512546 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1103145 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 104384 | ശ്രീമതി സീന എം എസ്, അസി .എഞ്ചിനീയർ |
| 1-13 | 104588 | ശ്രീ.ഷാജു മാത്യു , സെക്രട്ടറി (76184/- രൂപ)<br>ശ്രീമതി ഷേർളി ജോൺ സെക്രട്ടറി (28404/- രൂപ) |
| | | |

| | | |
|---|---|---|
| 1-15 | 786398 | ശ്രീമതി ഷേർളി ജോൺ സെക്രട്ടറി |
| 1-17 | 107775 | ശ്രീമതി ഷേർളി ജോൺ സെക്രട്ടറി |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

(ഡി)നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാജു മാത്യു സെക്രട്ടറി | സെക്രട്ടറി കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് | മഞ്ചപ്പള്ളിൽ വീട്, പെരുമ്പള്ളിച്ചിറ. പി.ഒ കുമാരമംഗലം |
| ശ്രീമതി ഷേർളി ജോൺ സെക്രട്ടറി | സെക്രട്ടറി കുമാരമംഗലം ഗ്രാമപഞ്ചായത്ത് | കൊടിത്തോപ്പിൽ മുട്ടം.പി.ഒ തൊടുപുഴ, ഇടുക്കി |
| ശ്രീമതി.സീന.എം.എസ് അസി.എൻജിനിയർ | അസി.എൻജിനിയർ കുമാരമംഗലം ഗ്രാമപഞ്ചായത്ത് | മാത്തിൽ വീട്,കടയത്തൂർ പി.ഒ,പിൻ 685590 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡിക നം | ഖണ്ഡിക എണ്ണം |
|---|---|---|---|
| 1976-77 | എൽ.എഫ്.ഐ./838/ 86/ 01.01.1988 | - | - |
| 1979-80 | എൽ.എഫ്.ഐ./838/86/ 01.01.1988 | - | - |
| 1980-81 | എൽ.എഫ്.ഐ./838/86/ 01.01.1988 | - | - |
| 1981-82 | എൽ.എഫ്.ഐ./838/86/ 01.01.1988 | - | - |
| 1983-84 | എൽ.എഫ്.ഐ./838/86/ 01.01.1988 | - | - |
| 1997-98 | കെ.എസ്.എ-ഐ.ഡി.കെ-7/767/18/ തീ.12.06.18 | 34, 35, 36,37,38, 40 | 6 |
| 2000-01 | കെ.എസ്.എ-ഐ.ഡി.കെ-7/ 767/18/ തീ.12.06.18 | 21 | 1 |
| 2003-04 | കെ.എസ്.എ-ഐ.ഡി.കെ-7/ 767/18/ തീ.12.06.18 | 3- 4, 3-5, 3-6 | 3 |
| 2006-07 | എൽ.എഫ്.ഐ.9/407/11 തീ.10.05.2011 | 2-1, 2-4, 3-2, 3-3, 3-5, 3-6, 3-7 | 7 |
| 2007-08 | എൽ.എഫ്.ഐ.9/309/2012/ തീ.31.05.12 | 3-1, 3-2, 3-4 മുതൽ 3-13 വരെ | 12 |
| 2008-09 | എൽ.എഫ്.ഐ.7/602/14/ തീ.14.10.14 | 2-1, 3-1മുതൽ 3-7 വരെ | 8 |
| 2009-10 | എൽ.എഫ്.ഐ.9/711/13/ തീ.08.10.13 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3 | 7 |
| 2010-11 | കെ.എസ്.എ-ഐ.ഡി.കെ-7/1257/ 17/ തീ.12.01.18 | 2-2, 3-2, 3-4, 3-5 | 4 |
| 2011-12 | കെ.എസ്.എ-ഐ.ഡി.കെ-7/1814/ 17/12.03.18 | 2-2(എ,ബി),3-2, 3-3, 3-4, 3-5, 3-7, | 9 |

| | | | |
|---|---|---|---|
| | | 3-8, 3-9, 3-10 | |
| 2012-13<br>2013-14 | കെ.എസ്.എ-ഐ.ഡി.കെ-7/1025/ 14/<br>തീ.04.11.14 | 2-1, 3-2, 3-3, 3-4, 3-5 | 5 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-7/595/18/<br>തീ.10.05.18 | 2-2, 3-2, 3-4,<br>3-6, 3-9 | 5 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-7/1348/17/<br>തീ.23.10.17 | 2-1(ബി), 2-2, 3-1,<br>3-4, 3-5, 3-6, 3-7, 3-9 | 8 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-7/1234/17/<br>തീ.05.12.17 | 2-1, 2-2, 2-3, 2-4,<br>2-5, 3-1, 3-2,<br>3-3, 3-4, 3-5 | 10 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-07/200/ 2019<br>തീ:23.03.2019 | 2-1, 2-2,3-2,3-3,3-4,3-5, 3-6,3-<br>7,3-9,3-10,3-11 | 11 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-07/116/ 2020<br>തീ:07.03.202020 | 1-12 മുതൽ 1-30 | 19 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്